"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -മിഷൻ അന്ത്യോദയ സർവ്വേ-2022 -സംസ്ഥാനതല, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചും ജില്ലാ, ബ്ലോക്ക് തലത്തിൽ നോഡൽ ഓഫിസർമാരെ നിയമിച്ചും സർവ്വേ നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്

സ.ഉ.(സാധാ) നം.237/2023/LSGD തീയതി,തിരുവനന്തപുരം, 27-01-2023

---

പരാമർശം:

1. കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറിയുടെ 19.12.2022 തീയതിയിലെ ഡി.ഒ പി.18027/01/2021-പി&പി (e-378243) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ 31.12.2022 തീയതിയിലെ ജി.ഒ. (ആർ.ടി) നമ്പർ 478/2022/പി&ഇഎ നമ്പർ സർക്കാർ ഉത്തരവ്
3. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 06.01.2023, 16.01.2023 തീയതികളിലെ ഡിഇഎസ്/6306/2022-പിഎൽ(1) നമ്പർ കത്തുകൾ
4. 19.01.2023 തീയതി പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനുട്സ്

<u>ഉത്തരവ്</u>

ഗ്രാമപഞ്ചായത്ത് വികസന പദ്ധതികൾ (GPDP) തയ്യാറാക്കുന്ന വേളയിൽ നിർണ്ണായകമായ inputs നൽകുന്നതിനായി, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം, രാജ്യത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന മിഷൻ അന്ത്യോദയ സർവ്വേ-2022-ന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പരാമർശം (2) ഉത്തരവ് പ്രകാരം, മിഷൻ അന്ത്യോദയ സർവേ-2022-ന്റെ സംസ്ഥാന നോഡൽ ഓഫീസർ ആയി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. സർവെയുടെ സുഗമമായ നടത്തിപ്പിന് വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും അത്യന്താപേക്ഷിതമാണെന്നും അതിനായി മിഷൻ അന്ത്യോദയ സർവ്വേയിലൂടെ ശേഖരിക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ മേഖലകളിലെയും വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി സംസ്ഥാനതലത്തിൽ

9. ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ (JPC), MGNREGS

3. കൂടാതെ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം, മിഷൻ അന്ത്യോദയ സർവേ-2022-ന്റെ ജില്ലാതല നോഡൽ ഓഫീസർമാരായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരെയും ബ്ലോക്ക്തല നോഡൽ ഓഫീസർ മാരായി ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെയും നിയമിച്ച് ഉത്തരവാകുന്നു. ഇവർ ഉടൻതന്നെ മിഷൻ അന്ത്യോദയ വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് ഇൻഫ്രാസ്ട്രക്ചർ, പഞ്ചായത്ത് സർവ്വീസസ്, വില്ലേജ് ഇൻഫ്രാസ്ട്രക്ചർ, വില്ലേജ് സർവ്വീസ്സസ്, വില്ലേജ് പ്രാക്ടീസസ് എന്നീ അഞ്ചു തലങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് സർവേയിലെ ചോദ്യങ്ങൾ. രാജ്യമെമ്പാടുമായി 92,000 ക്ലസ്റ്റർ റിസോഴ്സ് പേഴ്സൺസിനെ (CRPs) നിയോഗിച്ചുകൊണ്ടാണ് ഈ സർവേ നടത്തപ്പെടുന്നത്. NIC വികസിപ്പിച്ചെടുത്ത ഒരു മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനിലൂടെ ഓരോ വില്ലേജിനെയും സംബന്ധിക്കുന്ന വിവരങ്ങൾ 3 ദിനങ്ങൾ കൊണ്ട് ഒരു ക്ലസ്റ്റർ റിസോഴ്സ്പേഴ്സൺ (CRP) ശേഖരിച്ച് രേഖപ്പെടുത്തുന്നു. ഈ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യണം. മേൽ വിവരിച്ച സാഹചര്യങ്ങളിൽ, മിഷൻ അന്ത്യോദയ സർവ്വേ നിശ്ചിത സമയപരിധിക്കുള്ളിൽ വിജയകരമായി പൂർത്തിയാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിച്ച് ഉത്തരവാകുന്നു;

1. പ്രാദേശിക സർക്കാരുകളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളും പുരോഗതിയും അവലോകനം ചെയ്യുന്നതിന്റെയും, സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിൽ നിന്നും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ (വിവരശേഖരണ ഉദ്യോഗസ്ഥൻ) സർവ്വേയുടെ ഭാഗമായി ഒരു വില്ലേജിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്ന ക്ലസ്റ്റർ റിസോഴ്സ്പേഴ്സൺ (CRP) ആയി നിയമിക്കുന്നു. ഈ ഉദ്യോഗസ്ഥൻ (Grama Panchayat User) നിർദ്ദിഷ്ട മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിച്ച വിവരങ്ങൾ മിഷൻ അന്ത്യോദയ പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്. ഇതിനു മുന്നോടിയായി വ്യക്തിഗത രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലെയും GP User അഥവാ CRP ആരെന്ന് നിശ്ചയിച്ചുകൊണ്ടുള്ള വിശദമായ പട്ടിക ജില്ലയിലെ എല്ലാ BDO മാർക്കും,

യാത്രബത്തയായും അനുവദിക്കുന്നതായിരിക്കും. ഇതിനാവശ്യമായ തുക MGNREGS പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ഹെഡിൽ സംസ്ഥാനത്തിന് അനുവദിച്ച നൽകിയിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്.

10. മിഷൻ അന്ത്യോദയ സർവ്വേ-2022-ന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ഗ്രാമവികസന കമ്മീഷണർ നൽകേണ്ടതും കേന്ദ്ര ഗ്രാമവികസന മന്ത്രാലയവുമായി ബന്ധപ്പെട്ട് ആവശ്യമായ updation-ഉം നിർദേശങ്ങളും നൽകേണ്ടതുമാണ്.

11. 2023-24 വർഷത്തേക്കുള്ള ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുമ്പോൾ മിഷൻ അന്ത്യോദയ-2022 സർവ്വേ ഫലങ്ങൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത്, രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുവാൻ CRPമാർ, ഫ്രണ്ട്ലൈൻ പ്രവർത്തകർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, BDO മാർ എന്നിവർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

12. ഫീൽഡുതല വിവരശേഖരണവും ഡാറ്റ വെരിഫിക്കേഷനും ഉൾപ്പടെ മിഷൻ അന്ത്യോദയ സർവ്വേ-2022യുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര സർക്കാർ നിർദേശങ്ങളും സമയക്രമവും കർശനമായി പാലിച്ച് സമയ പരിധിക്കകം തന്നെ പൂർത്തീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്: ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
പ്ലാനിംഗ് ബോർഡ് ചീഫ് (Decentralised Planning), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
മിഷൻ ഡയറക്ടർ, MGNREGS, സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)